ഭേദഗതി വരുത്തേണ്ടതെന്നു ചൂണ്ടിക്കാണിച്ചാൽ അങ്ങനെ ചെയ്യാം. ഇതു പരസ്യപ്പെടുത്തിയതിനുശേഷം വളരെയധികം അപേക്ഷകൾ കിട്ടിയിട്ടുള്ളതുകൊണ്ടുതന്നെ ഈ കാര്യത്തിൽ പ്രത്യേകമായ ബുദ്ധിമുട്ടൊന്നും ഉണ്ടായിട്ടില്ലെന്നു മനസ്സിലാക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ടി. ബി. ക്ലിനിക്കുകളിലെ ഡാക്ടർമാരുടെ സർട്ടിഫിക്കറ്റു വേണമെന്നുള്ളതുമാറ്റി, ഏതെങ്കിലും മെഡിക്കൽ പ്രാക്ടീഷണറായ ഒരു ഡാക്ടരുടെ സർട്ടിഫിക്കറ്റു മതിയെന്നു ഭേദഗതി ചെയ്യുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ടി. ബി. ക്ലിനിക്കിലെ ഡാക്ടർ സർട്ടിഫൈ ചെയ്യണമെന്നുള്ളതിനു പ്രത്യേകം ഉദ്ദേശമുണ്ട്. പ്രൈമറി ഹെൽത്ത് സെൻറുകളിലും മറ്റും എക്സ്റേ കാണുകയില്ല; രോഗിയെ പരിശോധിച്ചു വ്യക്തമായ ഒരു തീരുമാനം എടുക്കാൻ പ്രയാസമായിരിക്കും. ഇത്തരം രോഗികൾ മിക്കവാറും ഏതെങ്കിലും ടി.ബി.ക്ലിനിക്കിലെ ചികിത്സാസൗകര്യത്തിനുവേണ്ടി അത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടവരായിരിക്കും. ഏതെങ്കിലും ഡാക്ടർമാരുടെ സർട്ടിഫിക്കറ്റു മതിയെന്നു ഭേദഗതി ചെയ്യാൻ ഈ കാരണത്താൽ നിർവാഹമില്ല.

ശ്രീ. പി. രവീന്ദ്രൻ: ഈ സഹായധനത്തിനു് അപേക്ഷിക്കാനുള്ള ഫാറങ്ങൾ എല്ലാ വില്ലേജാഫീസുകളിലും സൗജന്യമായി കിട്ടുമെന്നു പറയുന്നു. അങ്ങനെ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഒരു വില്ലേജാഫീസിലും ഫാറം സൗജന്യമായി വിതരണം ചെയ്യാൻ കിട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ചിലവില്ലേജാഫീസുകളിൽ ഫാറം കിട്ടിയിട്ടില്ലെന്നറിയാം. ഒരു വില്ലേജാഫീസിലും കിട്ടിയിട്ടില്ലെന്നു പറയുന്നതു ശരിയല്ല.

ശ്രീ. ഈ. പി. ഗോപാലൻ: ക്ഷയരോഗികൾക്കു് കൊടുക്കാമെന്നു പറഞ്ഞിട്ടുള്ള സഹായധനത്തിനു കാലതാമസം വരുന്നതിനുള്ള കാരണം മനസ്സിലാക്കാം. പുലയനാർകോട്ട ക്ഷയരോഗാശുപത്രിയിൽ, രോഗികൾക്കു് കിട്ടിക്കൊണ്ടിരിക്കുന്ന ആഹാരകാര്യത്തിൽ എന്തു കഴപ്പം നേരിട്ടതുകൊണ്ടാണു അവർ നിരാഹാര വ്രതം അനുഷ്ഠിക്കാൻ ഇടയായതു"?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഒരു ദിവസം—മിനിഞ്ഞാന്നാണെന്നു തോന്നുന്നു—പതിവുപോലെ ഉച്ചയ്ക്കുള്ള ആഹാരം സപ്ലൈചെയ്യാൻ കുറെ താമസിച്ചതിനാൽ—മൂന്നു മണിക്കേ ആഹാരം കൊടുക്കാൻ സാധിച്ചുള്ളൂ—രോഗികൾ ആഹാരം വേണ്ടെന്നു വച്ചു. എന്നാൽ സൂപ്രണ്ടു കാര്യം വിശദീകരിച്ചതിൽ പിന്നീടു് അവർ ആഹാരം കഴിക്കുകയുണ്ടായി. മേലാൽ കാലതാമസം വരുത്താതെ ആഹാരം കൃത്യസമയത്തു സപ്ലൈചെയ്യാൻ കൺട്രാക്ടർക്കു നിർദ്ദേശം കൊടുത്തിട്ടുണ്ടു്; ഇപ്പോൾ കഴപ്പുമൊന്നുമില്ല.

റൂറൽ ഇലക്ട്രിഫിക്കേഷൻ

* 117. [7] ശ്രീ. കെ. ആർ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ഈ. എസ്സ്. ബ്ലോക്കുകളിൽനിന്നും റൂറൽ ഇലക്ട്രിഫിക്കേഷനുവേണ്ടി എത്ര സംഖ്യ ഇലക്ട്രിസിറ്റി ബോർഡിലേക്കു് എംപ്ലിച്ചിട്ടുണ്ടു്;

(ബി) അതിൽ എത്ര സംഖ്യ ചെലവാക്കി;

(സി) ഓരോ ജില്ലയിലും എത്രവീതം ചെലവായി;

(ഡി) ഈ ഇനത്തിൽപ്പെടുത്തി എത്ര ജോലികൾ ചെയ്തുതീർത്തു;

(ഇ) അവ ഏതെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 27,77,800 രൂപ, എൻ. ഇ. എസ്സ്. ബ്ലോക്കുകളിൽനിന്നും ഇലക്ട്രിസിറ്റി ബോർഡിനെ ഏല്പിച്ചിട്ടുണ്ട്.

(ബി) 1963 ഡിസംബർ അവസാനംവരെ 10,08,427.15 രൂപ ചെലവായിട്ടുണ്ട്.

		രൂപ
(സി)	തിരുവനന്തപുരം	1,40,657.84
	കൊല്ലം	91,739.66
	ആലപ്പുഴ	1,46,806.35
	എറണാകുളം	1,37,199.38
	കോട്ടയം	72,105.39
	തൃശ്ശൂർ	36,805.29
	കോഴിക്കോട്	1,48,046.16
	പാലക്കാട്	81,909.19
	കണ്ണൂർ	1,53,157.89

(ഡി) 100 ലൈനുകളും നീട്ടുന്നതിനുള്ള ജോലികളും ചെയ്തുതീർത്തു.

(ഇ) പ്രസ്തുത ജോലികളുടെ ഒരു † ലിസ്റ്റു മേശപ്പുറത്തു വച്ചിട്ടുണ്ട്.

ശ്രീ. കെ. ആർ. വിജയൻ: ബ്ലോക്കു ഡെവലപ്പുമെന്റു കമ്മിറ്റികളും പാസ്സാക്കിയിട്ടുള്ള പല വർക്കുകളും വേണ്ടത്ര ജാഗ്രതയോടുകൂടി ഇലക്ട്രിസിറ്റി ബോർഡ് നടത്തുന്നില്ല എന്നുള്ളതുകൊണ്ട് റെമ്യൂനറേറ്റീവ് വർക്കുകളും ഏറ്റവും വേഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ: അങ്ങനെ കാലതാമസം വരുത്തുന്നുവെന്നുള്ള പരാതി കിട്ടിയിട്ടില്ല. ഉണ്ടെന്നു ബോദ്ധ്യപ്പെടുത്തുന്നപക്ഷം ഏറ്റവും വേഗം ചെയ്തു തീർക്കുവാൻ വേണ്ട നിർദ്ദേശം നൽകാവുന്നതാണ്.

ശ്രീ. കെ. ഹസ്സൻ ഗനി: ഇരുപതു ലക്ഷത്തിൽ പത്തുലക്ഷം മാത്രം ചെലവാക്കുവാനുള്ള കാരണം എന്താണ്. പുതിയ പഞ്ചായത്തുകളും ഉണ്ടായ സ്ഥലത്തു മിനിമം റിട്ടേൺ കിട്ടിയില്ലെങ്കിലും റൂറൽ ഇലക്ട്രിഫിക്കേഷൻ നടത്തുവാൻ ഗവണ്മെന്റിൽനിന്നും നിർദ്ദേശിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ ഉടനടി ഇതിന്റെ നടപടികളും സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ ?

ശ്രീ. ആർ. ശങ്കർ: പഴയ റിട്ടേൺസ് നോക്കിയാണ് ചെയ്യേണ്ടതു്. പുതിയ പഞ്ചായത്തുകളും ഉണ്ടായ സ്ഥലത്തു പത്തുശതമാനം റിട്ടേൺസ് ഉണ്ടെങ്കിലും ഇലക്ട്രിഫിക്കേഷൻ നടത്തണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീമതി കുസുമം: ഇതിലേക്കു് ആവശ്യമായ സാധനസാമഗ്രികളും കിട്ടാത്തതുകൊണ്ടു് ഇലക്ട്രിസിറ്റി ലൈൻ എക്സ്റ്റൻഷൻ വർക്കുകളും പല സ്ഥലത്തും താമസിക്കുന്നുണ്ടു്. ഇലക്ട്രിസിറ്റി ബോർഡിനുവേണ്ട സാധന സാമഗ്രികളും സപ്ലൈ ചെയ്യുന്നതിനു നടപടി എടുക്കുമോ ?

ശ്രീ. ആർ. ശങ്കർ: ബോർഡാണ് അതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതു്. ചിലപ്പോൾ സാധനങ്ങളും ലഭിക്കുവാൻ അല്പം കാലതാമസം ബോർഡിനു വന്നേക്കാം. അപ്പോൾ പൊതുവിൽ ഗവണ്മെന്റിനു നിർദ്ദേശം കൊടുക്കുവാനേ കഴിയൂ.

ശ്രീ. കെ. എം. ജാജ്ജു: മൂവാറ്റുപുഴ, കോതമംഗലം തുടങ്ങിയ താലൂക്കുകളിൽ വീടുകളിൽ വയർചെയ്യുകഴിഞ്ഞു ഒന്നരക്കൊല്ലം കഴിഞ്ഞിട്ടും ഇതുവരെ കണക്ഷൻ കിട്ടിയിട്ടില്ല. കഴിയുന്നതും വേഗം കണക്ഷൻ കൊടുക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ ?

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : ഈയിടെ ഉള്ള പവ്വർകട്ട് ബഹുമാനപ്പെട്ട മെമ്പർക്കും അറിവുള്ളതാണല്ലോ ? അതിനുമുമ്പ് എത്രകൊണ്ട് കാലതാമസമുണ്ടായി എന്നു അറിവില്ല. ഏതായാലും ഇപ്പോഴുള്ള ബുദ്ധിമുട്ട് മാറിയാൽ വീടുകളിൽ ഇലക്ട്രിസിറ്റി സപ്ലൈ ചെയ്യുന്നതിൻ കഴിയും.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : ബ്ലാക്ക് ബഡ്ജറ്റിൽ ആദ്യത്തെ വർഷത്തെ റൂറൽ ഇലക്ട്രിസിറ്റിയുള്ള തുക ബോർഡിന്റെ സ്റ്റേജ് I. കഴിഞ്ഞാൽ മാത്രമേ ഡൈവർട്ട് ചെയ്യാൻ പാടുള്ള എന്നു വ്യവസ്ഥ ഉണ്ടോ ? ഉണ്ടെങ്കിൽ അതുകാരണം വളരെയധികം കാലതാമസം വരുന്നുണ്ടെന്നുള്ള കാരണത്താൽ അതിൽ വ്യത്യാസം വരുത്തുവാൻ നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഇപ്പോഴും പറയുവാൻ നിവൃത്തിയില്ല. വേറൊരു ചോദ്യമായി ചോദിക്കണം.

ശ്രീ. ഈ. പി. ഗോപാലൻ : സംക്കീമാറ്റിക്കു ബഡ്ജറ്റു അനുസരിച്ചു ഒരു ബ്ലാക്കിലെ റൂറൽ ഇലക്ട്രിഫിക്കേഷനു നാൽപ്പതിനായിരം രൂപ ഉണ്ടെങ്കിൽ ആകെയുള്ള റൂറൽ ഇലക്ട്രിഫിക്കേഷനു ഉള്ള സംഖ്യ ആദ്യമേ കൊടുക്കുവാൻ സാധിക്കാത്തതു് എന്തുകൊണ്ടാണു് ? നാൽപ്പതിനായിരത്തിൽ കുറച്ചു ഏതെങ്കിലും ബ്ലാക്കിൽ വച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ, മറ്റു പ്രദേശങ്ങളിൽ റൂറൽ ഇലക്ട്രിഫിക്കേഷനു നീക്കിവച്ചിട്ടുള്ള തുക ലാപ്സായിപ്പോകുന്നതു ഇങ്ങോട്ടു ഡൈവേർട്ട് ചെയ്യുകയോ ? പണമില്ലാത്തതുകൊണ്ടു നടത്തുന്നില്ല എന്നുള്ള വാദം നിലവിലുള്ളതുകൊണ്ടു് ലാപ്സായിപ്പോകുന്ന തുക ഇങ്ങോട്ടു കൂടി ഡൈവർട്ട് ചെയ്തു ഇലക്ട്രിഫിക്കേഷൻ സുഗമമാക്കിതീർത്തുകൂടേ?

ശ്രീ. ആർ. ശങ്കർ : ചോദ്യങ്ങൾ വളരെയുണ്ടു് ഓർമ്മിക്കുവാൻതന്നെ പ്രയാസം. നാൽപ്പതിനായിരം രൂപ കൊടുത്തിട്ടുള്ള ബ്ലാക്കുകൾ ഉണ്ടാകും. ഈ സംസ്ഥാനത്തു ബ്ലാക്കുകൾ ഉണ്ടാകുന്നതിനുമുമ്പുതന്നെ റൂറൽ ഇലക്ട്രിഫിക്കേഷൻ ഒട്ടേറെ വ്യാപിച്ചിട്ടുണ്ടു്. ചില ബ്ലാക്കുകളിൽ ഇലക്ട്രിഫിക്കേഷൻ വളരെയൊന്നും വേണ്ടിവരികയില്ല. അവിടെയെല്ലാം കുറച്ചു തുക മതി. വളരെ പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ കൂടുതൽ തുക വയ്ക്കേണ്ടിവരും. ഈ വസ്തുതകളെ ആസ്പദമാക്കിയാണു്, ഒരു ആണ്ടിൽ സർക്കാരിനു് എത്ര തുക വയ്ക്കേണ്ടിവരും, എത്ര തുക ചെലവു വരും ഇതിനെയെല്ലാം അടിസ്ഥാനമാക്കിയാണു് 27 ലക്ഷം രൂപ എന്നു വച്ചിരിക്കുന്നതു്. ഒരുവിധം യൂണിഫാമിറ്റി വരുത്തണമെന്നു ഗവണ്മെന്റിനു വിചാരമുണ്ടു്.

റോഡുകളുടെ മെയിൻറനൻസു്.

* 118. [8] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകളുടെ മെയിൻറനൻസിനുവേണ്ടി, ഗവണ്മെന്റു് ; ഓരോ ഡിവിഷനിലും ആണ്ടിനാൽ എത്രതുക ഇപ്പോഴും ചെലവാക്കുന്നുണ്ടു് ;

(ബി) അടുത്ത കാലത്തുണ്ടായിട്ടുള്ള ഗതാഗതവർദ്ധനവിനെക്കൂടി അടിസ്ഥാനപ്പെടുത്തി, സംസ്ഥാനത്തെ റോഡുകളെ പുതുതായി ക്ലാസിഫൈ ചെയ്യുന്നതിനും, തദനുസരണം മെയിൻറനൻസു് തുക നിശ്ചയിക്കുന്നതിനും ഗവണ്മെന്റു് സത്വരനടപടികളും കൈക്കൊള്ളുമോ :

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) 1960-61, 1961-62, 1962-63 ഈ വർഷങ്ങളിൽ ഓരോ ഡിവിഷനിലും ചെലവാക്കുന്ന തുകയുടെ വിവരങ്ങൾ അടങ്ങുന്ന † പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

† Appendix II.

LIBRARY ARCHIVES Kerala Legislative Assembly